(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാന സർക്കാരിന്റെ ഓൺ ലൈൻ ലോട്ടറി പ്രചാരത്തിൽ വരുമ്പോൾ ഈ കാര്യം പരീശോധിക്കുന്നതാണ്.

ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധിയുടെ പ്രവർത്തനം

23 (4062) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലാ ഭാഗ്യക്കുറി ആഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട ലോട്ടറി ഏജന്റുമാരുടെ എണ്ണം വെളിപ്പെടുത്തുമോ ;

(ബി) ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നല്ലാതെ സ്വകാര്യ ഏജന്റുമാരിൽ നിന്നും ടിക്കറ്റെടുത്ത് വിൽക്കുന്ന എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) നിലവിലുള്ള ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് ;

(ഡി) ഈ ക്ഷേമനിധിയുടെ അനാകർഷകമായ ഘടനയാണ് അംഗങ്ങളുടെ എണ്ണം കുറയാൻ കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ മറ്റു തൊഴിലാളി ക്ഷേമ നിധി ബോർഡുകൾ പോലെ ഈ ക്ഷേമനിധിയിലും ആകർഷമായ പദ്ധതികൾ തയ്യാറാക്കി എല്ലാ ഏജന്റുമാരെയും അംഗങ്ങളാകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 32,293 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എങ്കിലും സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഏകദേശം രണ്ടരലക്ഷത്തോളം വില്പനക്കാരുണ്ട്.

(സി) 3949 പേർ അംഗങ്ങളായിട്ടുണ്ട്.

(ഡി&ഇ) ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടില്ല. പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ പ്രൊമോഷൻ

24 (4063) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷന് അർഹരായവരുടെ പേരുകൾ ഉൾപ്പെടുത്തിയ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ നമ്പർ 8830/എച്ച്1/2000/ടി.ഡി. തീയതി 6-5-2000-ന് വേണ്ടിയുള്ള ഹയർ ഡി. പി. സി. ചേർന്നത് എന്നാണ് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സെലക്ട് ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഹയർ ഡി. പി. സി. ചേർന്നത് ഏത് സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഭാഗ്യക്കുറി വകുപ്പിൽ സ്പെഷ്യൽ റൂൾസ് ഇപ്പോൾ നിലവിലുണ്ടോ ;

(ഇ) സ്പെഷ്യൽ റൂൾസ് ഭേദഗതിക്കായി സർക്കാരിന്റെ പരിഗണനയിലിരിക്കെ ഇപ്രകാരം എത്ര തവണ ഡി. പി. സി. കൂടി പ്രൊമോഷന് അർഹരായവരുടെ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(എഫ്). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭാഗ്യക്കുറി വകുപ്പിൽ എത്ര പേർക്ക് ഗസറ്റഡ്/നോൺ ഗസറ്റഡ് വിഭാഗങ്ങളിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ജി) പ്രസ്തുത പ്രൊമോഷനുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തടഞ്ഞുവച്ചിരുന്നത് ഏതെല്ലാം തസ്തികകളിലേയ്ക്കുള്ള പ്രൊമോഷനുക്കളായിരുന്നു എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഗസറ്റഡ് തസ്തികകളിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഐ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ, അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജെ) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(കെ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വകുപ്പിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ എത്ര ഗസറ്റഡ് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഹയർ ഡി. പി. സി. 18-4-2000-നാണ് കൂടിയിട്ടുള്ളത്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 8-11-1977-ൽ നികുതി വകുപ്പിൽ നിന്ന് ജി. ഒ. (പി) 132/77/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഡി. പി. സി. (ഹയർ) കൂടിയിട്ടുള്ളത്.

(ഡി) നിലവിലുണ്ട്.

(ഇ) 1988-നു ശേഷം ഡി. പി. സി. ഹയർ രണ്ടുപ്രാവശ്യവും ഡി. പി. സി. ലോവർ നാലുപ്രാവശ്യവും കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗസറ്റഡ് തസ്തികയിൽ 22-ഉം, നോൺ ഗസറ്റഡ് തസ്തികയിൽ 30-ഉം സ്ഥാനക്കയറ്റങ്ങൾ നൽകിയിട്ടുണ്ട്.

ഗസറ്റഡ് വിഭാഗം	എണ്ണം
ഡെ. ഡയറക്ടർ	2
ജില്ലാഭാഗ്യക്കുറി ഓഫീസർ	10
അസി.ജില്ലാ ഭാഗ്യക്കുറി ഓഫീസർ	10
ആകെ	22

നോൺ ഗസറ്റഡ് വിഭാഗം	എണ്ണം
ജൂനിയർ സൂപ്രണ്ട്	10
ഹെഡ് ക്ലാർക്ക്	10
യു. ഡി. സി.	10
ആകെ	30

(ജി) മേൽപ്പറഞ്ഞ സ്ഥാനക്കയറ്റങ്ങൾ ഒന്നും തന്നെ തടഞ്ഞുവച്ചിരുന്നവയല്ല.

(എച്ച്) ഡയറക്ടർ തസ്തികയിൽ ഒരൊഴിവും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ രണ്ട് ഒഴിവും ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ ഒരൊഴിവും ഉണ്ട്.

(ഐ&ജെ) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(കെ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 22 ഗസറ്റഡ് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുവാൻ നടപടി

25 (4064) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കണം എന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(സി) നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ഏറ്റവും ശക്തമായ ഓഡിറ്റ് ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
ടർബൈൻ ഫ്യൂവലും ഹൈസ്പീഡ് ഡീസൽ ഓയിൽ ഉൾപ്പെടാത്തതും	41	
4. നാഫ്ത്ത	22	
5. നാഫ്ത്ത അല്ലാതെയുള്ള പെട്രോൾ	28	
6. മറ്റ് പെട്രോളിയം ഉല്പന്നങ്ങൾ (വില്പന നികുതി നിയമത്തിലെ ഒന്നും രണ്ടും അഞ്ചും പട്ടികയിൽ പറയാത്തവ)	30	
7. ഏവിയേഷൻ ഗാസോലിൻ ഉൾപ്പെടെയുള്ള ഏവിയേഷൻ ടർബൈൻ ഫ്യൂവൽ	34	
8. ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്	16	
9. ലൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ് ബ്രേക്ക് ഫ്ളൂയിഡ്, ട്രാൻസ്ഫോർമർ ഓയിൽ, കൃഞ്ചിംഗ് ഓയിൽ	24	
10. ആട്ടോമോട്ടീവ് എൽ. പി. ജി.	20	
11. ലിക്വിഫൈഡ് നാച്വറൽ ഗ്യാസ്	28	

അനുബന്ധം III

[24-7-200-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 24 (4063)-ന്റ ഉത്തരം ദയവായി കാണുക]

GOVERNMENT OF KERALA

Taxes (H) Department

NOTIFICATION

No.8830/HI/2000/TD Dated, Thiruvananthapuram, 6th May 2000

The following is the Select List of Officers for Promotion to the cadre of Deputy Directors for the year 2000 in the Kerala State Lotteries as approved by Government based on the recommendation of the Department Promotion Committee (Higher)

1. Smt. V.A. Saralamma
2. Shri. C.M.Ummerkutty
3. Shri. Viswambharan Nair

LIBRARY ARCHIVES Kerala Legislative Assembly